بسم الله الرحمن الرحيم

# ഫത്‌വ: 1

**ചോദ്യം: ഉദ്ഹിയ്യത്ത്, ഫിത്വ്ർ സകാത്ത് മുതലായവ അമുസ്‌ലിംകൾക്ക് നൽകുന്നതിന്റെ ഫത്‌വ എന്ത്?**

الحمد لله رب العالمين، الصلاة والسلام على رسوله الأمين، وعلى آله وصحبه أجمعين، أما بعد.....

സകാത്ത്, ഫിത്വ്ർ സകാത്ത്, ഉദ്ഹിയ്യത്ത് എന്നിവ അടിസ്ഥനപരമായി മുസ്‌ലിം സമൂഹത്തിന്റെ ആരാധനാകർമങ്ങളുമായി ബന്ധപ്പെട്ടതും അവരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടതുമാണ്. അതുകൊണ്ടുതന്നെ സമുദായ കേന്ദ്രീകൃതമായ സ്വഭാവം അവയിൽ കാണുന്നതിൽ അത്ഭുതമില്ല. ഈദുൽ ഫിത്വ്ർ ദിനത്തിലും ബലിപെരുന്നാൾ ദിനങ്ങളിലും സുഭിക്ഷത ഉറപ്പുവരുത്തുക എന്നതാണ് ഫിത്വ്ർ സകാത്തിന്റെയും ഉദ്ഹിയ്യത്തിന്റെയും സുപ്രധാനമായ ഒരു താൽപര്യം. സകാത്ത് ആകട്ടെ, ആരാണതിന്റെ അവകാശികൾ എന്നത് വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അമുസ്‌ലിം സഹോദരങ്ങൾക്കും അതിൽ പരിമിതമായ രീതിയിൽ അവകാശങ്ങൾ നിർണയിച്ചിട്ടുണ്ടെന്ന് പറയാമെങ്കിലും സകാത്തിനെ സംബന്ധിച്ചിടത്തോളം 'അവരിലെ ധനികരിൽനിന്ന് ശേഖരിച്ച് അവരിലെ ദരിദ്രരിൽ വിതരണം ചെയ്യണം' എന്നതാണ് പൊതുവെ അംഗീകരിച്ച തത്ത്വം.

എന്നാൽ അമുസ്‌ലിംകൾക്ക് സകാത്തിൽ ഒരവകാശവുമില്ലെന്നും അവർക്കതിൽനിന്ന് യാതൊന്നും കൊടുക്കാൻ പാടില്ലെന്നും പറയുന്നത് ശരിയാണെന്ന് തോന്നുന്നില്ല. വിവിധ കാലഘട്ടങ്ങളിൽ പണ്ഡിതന്മാർ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. إنما الصدقات للفقراء والمساكين (സകാത്തിന്റെ അവകാശികൾ ദരിദ്രരും അഗതികളുമാണ്) എന്ന ആയത്തിന്റെ വെളിച്ചത്തിൽ ജൂതനായ ഒരു വൃദ്ധന് هذا من مساكين أهل الكتاب‎ -'ഇദ്ദേഹം വേദക്കാരിലെ ദരിദ്രരിൽ പെട്ടവനാണ്' എന്ന് പറഞ്ഞ് ബൈത്തുൽമാലിൽനിന്ന് വിഹിതം നിശ്ചയിച്ചുകൊടുത്ത ഖലീഫ ഉമറിന്റെ സംഭവം പ്രസിദ്ധമാണ് (الخراج، ص126).

മുകളിൽ പറഞ്ഞ ആയത്തിലെ 'മസാകീൻ' എന്നതിന്റെ വിവക്ഷ വേദക്കാരിലെ ദരിദ്രരാണെന്ന് (إنما المساكين مساكين أهل الكتاب) ഇക്‌രിമയിൽനിന്നും നിവേദനമുണ്ട് (ത്വബരി, ഭാഗം 14, പേജ് 318). സുഹ്‌രി, ഇബ്നു സീരീൻ, ജാബിറുബ്നു സൈദ്, സുഫർ എന്നീ ഇമാമുമാരുടെ അഭിപ്രായങ്ങൾ അമുസ്‌ലിംകൾക്ക് സകാത്ത് നൽകാമെന്നാണ്. ഇവരുടെ അഭിപ്രായങ്ങളെല്ലാം ഉദ്ധരിച്ച ശേഷം ഡോ. യൂസുഫുൽ ഖറദാവി എഴുതുന്നു: ''തെളിവുകളുടെ താരതമ്യ പഠനത്തിൽ നിന്ന് നമ്മുടെ അഭിപ്രായം ഇതാണ്. അടിസ്ഥാനപരമായി സകാത്തിൽ പ്രഥമ പരിഗണന മുസ്‌ലിംകളിലെ ദരിദ്രർക്കാണ്. കാരണം, അവരിലെ ധനികർക്ക് മാത്രം ചുമത്തപ്പെടുന്ന ഒരു തരം നികുതിയാണത്. എന്നാൽ സകാത്ത് മുതലുകൾ കൂടുതലുണ്ടെങ്കിൽ അമുസ്‌ലിം ദരിദ്രർക്ക് കൂടി അതിൽനിന്ന് നൽകുന്നതിന് വിരോധമില്ല. അത് ദരിദ്രരായ മുസ്‌ലിംകൾക്ക് ദോഷകരമാകരുതെന്ന് മാത്രം. ഇപ്പറഞ്ഞതിന് തെളിവായി ഖുർആൻ സൂക്തത്തിന്റെ (ഫഖീർ, മിസ്കീൻ എന്ന) പൊതു പരാമർശവും ഉമറിന്റെ പ്രവർത്തനവും നാം ഉദ്ധരിച്ച പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും തന്നെ മതി. ഇതുവരെ ഒരു മതത്തിനും എത്തിച്ചേരാൻ കഴിയാത്ത സഹിഷ്ണുതയുടെ ഉച്ചിയാണത്'' (ഫിഖ്ഹുസ്സകാത്ത്: 2: 186).

എന്നാൽ ദാരിദ്ര്യം എന്ന ഏക പരിഗണനയിൽ അന്യമതസ്ഥർക്ക് സകാത്ത് നൽകുന്നതിനെക്കുറിച്ചാണ് ബഹുഭൂരിഭാഗം പണ്ഡിതന്മാരുടെയും എതിർപ്പ്. അതേ

അവസരത്തിൽ 'മുഅല്ലഫത്തുൽ ഖുലൂബ്' (ഹൃദയം ഇണക്കപ്പെടേണ്ടവർ) എന്നൊരു വിഭാഗം കൂടി സകാത്തിന്റെ അവകാശികളിലുണ്ട്. അതിൽ മുസ്‌ലിംകളും അമുസ്‌ലിംകളും പെടുമെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ശാഫിഈ മദ്ഹബ് മാത്രമാണ് അത് പാടില്ലെന്ന കർശന നിലപാട് എടുത്തിട്ടുള്ളത്. ഇബ്നു ഖുദാമ (അൽ മുഗ്നി, 5/107), ഇബ്നു തൈമിയ്യ (അൽ ഫതാവാ 28/190), അബൂബക്കർ അൽജസ്സാസ് (അഹ്കാമുൽ ഖുർആൻ 4/324), ഇമാം റാസി എന്നിവർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. 'മുഅല്ലഫത്തുൽ ഖുലൂബി'ൽ മുസ്‌ലിംകളും അമുസ്‌ലിംകളും പെടുമെന്നും ഇസ്‌ലാമിന്റെ നന്മകൾ ജനങ്ങളിലേക്കെത്തിക്കാനും സാഹോദര്യം വളർത്തി ശത്രുത ഉന്മൂലനം ചെയ്യാനും ഉപകരിക്കുമെങ്കിൽ അമുസ്‌ലിം സഹോദരങ്ങൾക്ക് കൂടി സകാത്ത് വിഹിതം നൽകാമെന്നും അവർ വിശദീകരിച്ചിട്ടുണ്ട്. നബി (സ) മക്കാ വിജയഘട്ടത്തിൽ സ്വഫ്‌വാനുബ്നു ഉമയ്യക്ക് ധാരാളം ഒട്ടകങ്ങൾ നൽകിയ സംഭവം ഇതിനുപോദ്ബലകമായി ഇമാം ഇബ്നു ഖുദാമയും മറ്റും പ്രത്യേകം എടുത്തു പറയുകയും ചെയ്തിട്ടുണ്ട്.

ഫിത്ർ സകാത്തിന്റെ വിഷയത്തിൽ സകാത്ത് വിഷയകമായ കാർക്കശ്യം ഇമാമുകൾ പുലർത്തിയിട്ടില്ല. ഇമാം അബൂഹനീഫയും ശിഷ്യൻ മുഹമ്മദും ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം പ്രജകൾക്ക് ഫിത്ർ സകാത്ത് നൽകാമെന്ന് നേരത്തേ വ്യക്തമാക്കിയവരാണ്. ഇമാം സർകസിയും ഇതേ വീക്ഷണമാണ് പ്രകടിപ്പിച്ചിരിക്കുന്നത്. ശത്രുത വെച്ചു പുലർത്താത്തവരും നാട്ടിൽ നിന്നും വീട്ടിൽനിന്നും നിങ്ങളെ അടിച്ചോടിക്കാത്തവരുമായ അന്യമതസ്ഥർക്ക് പുണ്യം ചെയ്യുന്നത് അല്ലാഹു വിലക്കുകയില്ലെന്ന് പറയുന്ന സൂറത്തുൽ മുംതഹിനയിലെ 8-ാം സൂക്തം അദ്ദേഹം തെളിവായി ഉദ്ധരിക്കുകയും ചെയ്യുന്നു. (المبسوط 152/4). അമുസ്‌ലിം മതപുരോഹിതന്മാർക്ക് ഫിത്ർ സകാത്ത് നൽകാറുണ്ടായിരുന്നുവെന്ന് അംറുബ്നു മൈമൂൻ, അംറുബ്നു ശുറഹ്ബീൽ, അൽമുർറ അൽ ഹമദാനി പോലുള്ള പൂർവസൂരികളിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് (كتاب الأموال നോക്കുക).

ഉദ്ഹിയ്യത്തിന്റെ കാര്യത്തിൽ കുറേകൂടി ഉദാരമായ നിലപാടാണ് ഇമാമുകൾക്കുള്ളത്. ഉദ്ഹിയ്യത്ത് മിക്കവാറും സുന്നത്തായ കർമമായിരിക്കുമെന്നും അതിൽനിന്ന് അന്യമതസ്ഥർക്ക് വിതരണം ചെയ്യുന്നത് അനുദനീയമാണെന്നും അവർ പ്രസ്താവിച്ചിരിക്കുന്നു. ശാഫിഈ മദ്ഹബിലെ തന്നെ ആധികാരിക വക്താവായ ഇമാം നവവി പറയുന്നതിങ്ങനെയാണ്:

ولم أر لأصحابنا كلاما فيه، ومقتضى المذهب أنه يجوز اطعامهم من ضحية القطوع دون الواجبة (شرح المهذب)

''ഇവ്വിഷയകമായി നമ്മുടെ മദ്ഹബിന്റെ പണ്ഡിതർ അഭിപ്രായം പറഞ്ഞതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എങ്കിലും മൊത്തം മദ്ഹബിന്റെ അടിസ്ഥാനങ്ങൾ വെച്ചു നോക്കുമ്പോൾ അമുസ്‌ലിംകൾക്ക് സുന്നത്തായ ബലിമാംസം നൽകുന്നത് അനുവദനീയമാകും എന്നാണ് മനസ്സിലാകുന്നത്. എന്നാൽ (നേർച്ചകൊണ്ടോ മറ്റോ) നിർബന്ധമായ ബലിമാംസം അവർക്ക് നൽകിക്കൂടാ'' (ശർഹുൽ മുഹദ്ദബ് 8/316).

ഇമാം ഇബ്നു ഖുദാമ തന്റെ വിഖ്യാത ഗ്രന്ഥമായ അൽ മുഗ്നിയിൽ ഇപ്രകാരം പറഞ്ഞു: 'ഉദ്ഹിയ്യത്തിൽ നിന്ന് അവിശ്വാസികളെ ഭക്ഷിപ്പിക്കാവുന്നതാണ്. (പ്രമുഖ താബിഈ ഇമാമുമാരായ) ഹസൻ, അബൂസൗർ, ഹനഫീ മദ്ഹബുകാർ എന്നിവരും ഇതേ അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്' (അൽ മുഗ്നി 21/482).[10]

സുഊദി അറേബ്യയിലെ പണ്ഡിത വേദിയുടെ ഫത്‌വയിൽ ഇങ്ങനെ കാണാം: സമാധാനത്തിൽ വർത്തിക്കുന്ന അവിശ്വാസി, തടവുപുള്ളി തുടങ്ങിയവർക്ക് ഉദ്ഹിയ്യത്തിന്റെ മാംസം നൽകാവുന്നതാണ്. ദാരിദ്ര്യം, കുടുംബ ബന്ധം, അയൽപക്ക ബന്ധം, സൗഹൃദ സ്ഥാപനം എന്നീ കാരണത്താലാവാമത് (ഫതാവാ അല്ലജ്നതിദ്ദാഇമ 11/424). യുദ്ധാവസ്ഥയില്ലെങ്കിൽ അവിശ്വാസികൾക്കും ഉദ്ഹിയ്യത്തും ദാനധർമവും നൽകാവുന്നതാണെന്ന് ശൈഖ് ഇബ്നുബാസിന്റെ ഫത്‌വയിലും കാണാം (مجموع فتاوى ابن باز 18/48).

ചുരുക്കത്തിൽ, മുകളിലുദ്ധരിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത്തിഹാദുൽ ഉലമ കേരളയുടെ ഫത്‌വാ കൗൺസിൽ ഇവ്വിഷയകമായി എത്തിച്ചേർന്ന അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം:

1. സകാത്ത്, ഫിത്ർ സകാത്ത് എന്നിവ അടിസ്ഥാനപരമായി മുസ്‌ലിം സമൂഹത്തെ ലക്ഷ്യമാക്കി നിശ്ചയിച്ചിട്ടുള്ളതാണ്. അവർ തന്നെയാണ് അതിന്റെ മുഖ്യ ഉപയോക്താക്കളും. അവരിൽനിന്നാണ് ഇവ ശേഖരിക്കുന്നതും അവരുടെ ആവശ്യനിർവഹണത്തിനു തന്നെയാണ് മുൻഗണന കൊടുക്കേണ്ടതും.

2. മുസ്‌ലിംകളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായും അവർ അവഗണിക്കപ്പെടുന്ന രീതിയിലും ഇവ വിതരണം ചെയ്യാൻ പാടില്ല. പ്രത്യേകിച്ചും ഫിത്ർ സകാത്ത്, ഉദ്ഹിയ്യത് എന്നിവ മുസ്‌ലിം സുദിനങ്ങളോടനുബന്ധിച്ച് വിതരണം ചെയ്യുന്നത് പ്രസ്തുത ആഘോഷങ്ങളിൽ അവരുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് വേണ്ടിയാണ്.

3. അമുസ്‌ലിംകളുമായി സൗഹൃദവും സാഹോദര്യവും നിലനിർത്തുന്നതിന് ഇസ്‌ലാം പ്രാധാന്യം കൽപിക്കുന്നുണ്ട്. അതിനാൽ അവരുമായി അയൽപക്ക ബന്ധങ്ങൾ, കുടുംബ ബന്ധങ്ങൾ, സൗഹൃദ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ ആഘോഷ ദിവസങ്ങളും ഇത്തരം അനുഷ്ഠാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

4. ഇന്ത്യയെപ്പോലുള്ള ഒരു ബഹുസ്വര സമൂഹത്തിൽ സാമുദായിക ധ്രുവീകരണവും ശത്രുതയും വളർത്താൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുമ്പോൾ അത്തരം പഴുതുകൾ അടക്കാൻ ശ്രമിക്കുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടത്. അതിനാൽ പരസ്പര സഹായത്തിനും സഹകരണത്തിനും കൂടുതൽ ഊന്നുകൽപ്പിക്കുന്ന സമീപനങ്ങളാണ് അവർ സ്വീകരിക്കേണ്ടത്.

5. ഇസ്‌ലാമിന്റെ സാർവലൗകിക വീക്ഷണവും വിശ്വസാഹോദര്യവും ജാതി, മത പരിഗണനകൾ കൂടാതെ ദാരിദ്ര്യനിർമാർജനത്തിനുള്ള അതിന്റെ അധ്യാപനങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്നത് സകാത്ത്, ഫിത്ർ സകാത്ത്, ഉദ്ഹിയ്യത്ത് എന്നവയിൽ അമുസ്‌ലിംകൾക്ക്

കൂടി പങ്കാളിത്തം നൽകുക എന്നതാണ്.

الله أعلم بالصواب

## ഫത്‌വ: 2

**ചോദ്യം: ഇസ്‌ലാമേതര സാമൂഹിക വ്യവസ്ഥയിൽ പലിശ ഇടപാടുകകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിലപാടെന്ത്?**

ഇസ്‌ലാമിക ശരീഅത്തിൽ പലിശ വൻ ദോഷങ്ങളിൽ പെട്ടതാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തും അത് കർശനമായി നിരോധിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

الَّذِينَ يَأْكُلُونَ الرِّبَا لَا يَقُومُونَ إِلَّا كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ۚ ذَٰلِكَ بِأَنَّهُمْ قَالُوا إِنَّمَا الْبَيْعُ مِثْلُ الرِّبَا ۗ وَأَحَلَّ اللَّهُ الْبَيْعَ وَحَرَّمَ الرِّبَا ۚ فَمَن جَاءَهُ مَوْعِظَةٌ مِّن رَّبِّهِ فَانتَهَىٰ فَلَهُ مَا سَلَفَ وَأَمْرُهُ إِلَى اللَّهِ ۖ وَمَنْ عَادَ فَأُولَٰئِكَ أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ ﴿٢٧٥﴾ يَمْحَقُ اللَّهُ الرِّبَا وَيُرْبِي الصَّدَقَاتِ ۗ وَاللَّهُ لَا يُحِبُّ كُلَّ كَفَّارٍ أَثِيمٍ ﴿٢٧٦﴾

''എന്നാൽ, പലിശ തിന്നുന്നവരോ അവരുടെ ഗതി ചെകുത്താൻ ബാധിച്ച് ഭ്രാന്തുപിടിച്ചവന്റേതുപോലെയാകുന്നു. 'കച്ചവടവും പലിശപോലെത്തന്നെ' എന്നു വാദിച്ചതുകൊണ്ടത്രെ അവർക്കീ ഗതിവന്നത്. എന്നാൽ, കച്ചവടത്തെ അല്ലാഹു അനുവദിക്കുകയും പലിശയെ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആർക്കെങ്കിലും തന്റെ നാഥനിൽനിന്നുള്ള ഈ ഉപദേശം വന്നെത്തുകയും അങ്ങനെ പലിശയിടപാടിൽനിന്നു വിരമിക്കുകയും ചെയ്താൽ, അയാൾ മുമ്പ് അനുഭവിച്ചത് അനുഭവിച്ചുകഴിഞ്ഞു. ഇനി അവന്റെ കാര്യം അല്ലാഹുവിങ്കലാകുന്നു. ഈ വിധിക്കുശേഷം ഇതേ ഇടപാട് തുടരുന്നവരോ, നരകാവകാശികൾ തന്നെയാകുന്നു. അവരതിൽ നിത്യവാസികളല്ലോ. അല്ലാഹു പലിശയെ നശിപ്പിക്കുകയും ദാനധർമങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. നന്ദികെട്ട ദുർവൃത്തരായ ആരെയും അല്ലാഹു സ്നേഹിക്കുകയില്ല'' (അൽ ബഖറ 275).

روى مسلم (1598) عَنْ جَابِرٍ، قَالَ: ( لَعَنَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ آكِلَ الرِّبَا، وَمُؤْكِلَهُ، وَكَاتِبَهُ ، وَشَاهِدَيْهِ.

ഇബ്നുമസ്ഊദി(റ)ൽനിന്ന് നിവേദനം: പലിശ തിന്നുന്നവനെയും തീറ്റിപ്പിക്കുന്നവനെയും അതിന്റെ സാക്ഷികളെയും എഴുത്തുകാരനെയും പ്രവാചകൻ ശപിച്ചിരിക്കുന്നു (മുസ്‌ലിം).

അതിനാൽ ഒരു മുസ്‌ലിം തികഞ്ഞ ജാഗ്രത പാലിക്കേണ്ട ഗുരുതരമായ വിഷയമാണ് പലിശയുമായി ബന്ധപ്പെട്ട ഇടപാടുകളെല്ലാം.

ഇന്ത്യയിലെപ്പോലെ പലിശാധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയിൽ ജീവിക്കാൻ നിർബന്ധിതനായ ഒരു മുസ്‌ലിമിന് പലിശ വാങ്ങാതിരിക്കാൻ കഴിയുമെങ്കിലും പലിശ നൽകേണ്ടിവരുന്ന അനിവാര്യമായ ഒട്ടുവളരെ സന്ദർഭങ്ങൾ ജീവിതത്തിലുണ്ടാകാറുണ്ട്.

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികൾ ഉദാഹരണങ്ങളാണ്. കച്ചവടം, കൃഷി, ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ വായ്പാ പദ്ധതികളും മറ്റും തുഛമായ പലിശയോടെയോ ചില സന്ദർഭങ്ങളിൽ പലിശമുക്തമായോ നൽകപ്പെടാറുണ്ട്. ഇവ സ്വീകരിക്കപ്പെടാതിരിക്കുകയാണെങ്കിൽ എന്നെന്നും പിന്നാക്ക വിഭാഗങ്ങൾ ദുരിതത്തിൽനിന്ന് കരകയറാൻ കഴിയാതെ നരകിക്കേണ്ടിവരും. ഇത്തരം സന്ദർഭങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള ഇളവുകൾ ഇത്തരക്കാർക്ക് ശരീഅത്ത് നൽകുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്.

പൂർവികരും ആധുനികരുമായ പണ്ഡിതന്മാർ ഈ വിഷയത്തിൽ അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. അമുസ്‌ലിം രാഷ്ട്രത്തിലെ മുസ്‌ലിംകൾക്ക് പലിശയിടപാടുകളിൽ വിട്ടുവീഴ്ചകൾ ഉണ്ടെന്ന് ഇമാം അബൂഹനീഫ നേരത്തേ പ്രസ്താവിച്ചിട്ടുണ്ട്. ഡോ. യൂസുഫുൽ ഖറദാവി തുടങ്ങിയവരും യൂറോപ്യൻ ഫത്‌വാ കൗൺസിലും പ്രകടിപ്പിച്ച അഭിപ്രായങ്ങളും ഈ വിഷയത്തിൽ പ്രസക്തമാകുമെന്ന് 'ഇത്തിഹാദുൽ ഉലമ കേരള' വിലയിരുത്തുന്നു (നോക്കുക: ഫതാവാ മുആസിറ, ഡോ. യൂസുഫുൽ ഖറദാവി, ഭാഗം: 3, പേജ് 625 630). അവരുടെ നിലപാടുകൾ താഴെ പറയും വിധം സംഗ്രഹിക്കാം:

1. പലിശ വാങ്ങുന്നതും കൊടുക്കുന്നതും എല്ലായ്പ്പോഴും ഒരുപോലെയല്ല. പലിശ വാങ്ങാതിരിക്കാം. പക്ഷേ ചിലപ്പോഴെങ്കിലും പലിശ കൊടുക്കേണ്ടിവരും. ജീവിതത്തിലെ അടിസ്ഥാനാവശ്യങ്ങൾ സാധിക്കുന്നതിന് ചിലപ്പോൾ പലിശ നൽകേണ്ടി വരികയാണങ്കിൽ അത് ضرورات (അനിവാര്യതകൾ)ൽ ഉൾപ്പെടും. الضرورات تبيح المحظورات (വിലക്കപ്പെട്ട കാര്യങ്ങൾ അനിവാര്യ ഘട്ടങ്ങളിൽ അനുവദനീയമാകും) എന്ന തത്വം അത്തരം സന്ദർഭങ്ങളിൽ പ്രസക്തമാകും. ഇവിടെ ضرورة-ന്റെ വിവക്ഷ പന്നിമാംസം ഭക്ഷിച്ചില്ലെങ്കിൽ മരണപ്പെടുമെന്ന അവസ്ഥയിലുള്ളതല്ലെന്നും الحاجة تنزل منزلة الضرورة(അത്യാവശ്യം ضرورة ന്റെ സ്ഥാനം കൈയേൽക്കും) എന്നതാണെന്നും വ്യക്തമാണ്.
2. ഒരു ഭരണകൂടം അതിന്റെ പൗരന്മാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഇത്തരം പ്രദ്ധതികൾ സമർപ്പിക്കുമ്പോൾ അതുപയോഗപ്പെടുത്തി درء المفسدة (ദോഷത്തെ പ്രതിരോധിക്കുക) എന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. പ്രത്യേകിച്ചും ഇത്തരം ചെറിയ പലിശ നിരക്കുകളെ 'സർവീസ് ചാർജ്' ഇനത്തിൽ ഉൾപ്പെടുത്തി അവഗണിക്കാൻ കഴിയുമ്പോൾ.
3. പുതുതായി വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ കർമശാസ്ത്രം അമുസ്‌ലിം രാഷ്ട്രങ്ങളിൽ ഇസ്‌ലാമിക ജീവിതം ദുഷ്കരമാക്കുന്ന സാഹചര്യത്തിൽ ശർഇന്റെ ഉളവുകൾ പരമാവധി പ്രയോജനപ്പെടുത്തി മുസ്‌ലിംകളായി എങ്ങനെ ജീവിക്കാമെന്നാണ് ചിന്തിക്കുന്നത്. തദടിസ്ഥാനത്തിൽ ഒട്ടുവളരെ ഇളവുകളും വിട്ടുവീഴ്ചകളും കർമശാസ്ത്ര രംഗത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിലൊന്നാണ് ഇവിടെ ചർച ചെയ്യപ്പെടുന്ന വിഷയവും.

ചുരുക്കത്തിൽ ചോദ്യത്തിൽ പറഞ്ഞ വിഷയത്തിൽ

ഭരണകൂട പദ്ധതികൾ താഴെ പറയുന്ന ഉപാധികളോടെ ഉപയോഗപ്പെടുത്താമെന്നാണ് ഇത്തിഹാദുൽ ഉലമ എത്തിച്ചേരുന്ന നിഗമനം.

ഉപാധികൾ:

1. പലിശയില്ലാത്ത മറ്റു ബദൽ സംവിധാനങ്ങൾ ഇല്ലായെന്ന് ഉറപ്പു വരുത്തുക.

2. താരതമ്യേന കുറഞ്ഞ പലിശ നിരക്കുള്ള പദ്ധതികൾ തെരഞ്ഞെടുക്കുക.

3. എത്രയും വേഗം തിരിച്ചടച്ച് പലിശ ബാധ്യതയിൽ നിന്ന് ഒഴിവാകാൻ ശ്രമിക്കുക.

4. ഈ തുക വഴിമാറി ചെലവഴിക്കുകയോ ധൂർത്തടിക്കുകയോ ചെയ്യാതിരിക്കുക.

5. അനിവാര്യതയുടെ തോതനുസരിച്ചേ ഇളവുകൾ അനുവദിക്കാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ എന്ന തത്വമനുസരിച്ച്, ആവശ്യത്തിന്റെ പരിധിക്കപ്പുറം ഈ ഇളവ് ഉപയോഗപ്പെടുത്താതിരിക്കുക. ഉദാഹരണത്തിന് ഒരു ലക്ഷം കൊണ്ട് കാര്യം സാധിക്കുമെങ്കിൽ അതിൽ കൂടുതൽ വാങ്ങാൻ അനുവാദമോ, ഇളവോ ഉണ്ടായിരിക്കുന്നതല്ല.

الله أعلم بالصواب

## ഫത്‌വ: 3

**ചോദ്യം: മുസ്‌ലിംകളുടെ ശ്മശാനങ്ങളിൽ അമുസ്‌ലിംകളെ മറമാടാമോ?**

1. മുസ്‌ലിംകൾ അവരുടേതായ സ്വന്തം മഖ്ബറകൾ സ്ഥാപിച്ച് അവരുടെ മൃതശരീരങ്ങൾ അവിടെ മറമാടുകയെന്ന രീതിയാണ് ഇക്കാലംവരെ തുടർന്നു വന്നിട്ടുള്ളത്. അതിൽ മറ്റു മതസ്ഥരുടെ മൃതശരീരങ്ങൾ അടക്കം ചെയ്യാൻ അനുവദിക്കുകയോ അവരതിന് ശ്രമിക്കുകയോ ചെയ്യാറില്ല. അതൊരിക്കലും അനുവദനീയമല്ല എന്നാണ് പൂർവിക പണ്ഡിതന്മാർ മുഴുവൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. മാത്രമല്ല, മിക്കവാറും എല്ലാ മതവിഭാഗങ്ങളും അവരുടേതായ സ്വന്തം ശ്മശാനങ്ങൾ സ്ഥാപിക്കുകയും അവ നിലനിർത്തുകയും ചെയ്യുന്നതാണ് പതിവ്. കാരണം, ഓരോരുത്തർക്കും അവരുടേതായ ആചാര സമ്പ്രദായങ്ങൾ, സംസ്കാരങ്ങൾ ഇത്തരം വിഷയത്തിൽ ഉണ്ടായിരിക്കും. അതപ്പടി പിന്തുടരാൻ മറ്റുള്ളവരുമായി പങ്കിടുന്ന ശ്മശാനങ്ങളിൽ സാധിച്ചുകൊള്ളണമെന്നില്ല.

2. മുസ്‌ലിം ഖബ്ർസ്ഥാനുകൾ ഏറിയതും വഖ്ഫ് ഭൂമിയാണ്. പള്ളികളോടനുബന്ധിച്ചോ മറ്റോ പൂർവികർ വഖ്ഫ് ചെയ്ത മഖ്ബറയായി ഉപയോഗിച്ചുവരുന്നതാണ്. ഇത്തരം വഖ്ഫ് ഭൂമികളിൽ വാഖിഫിന്റെ ഉദ്ദേശ്യം പൂർണമായി പാലിക്കപ്പെടണം. അതിന് വിരുദ്ധമായി അവ ഉപയോഗപ്പെടുത്തുന്നത് ഇസ്‌ലാമികദൃഷ്ട്യാ നിഷിദ്ധമാണ്.

3. മുസ്‌ലിം ഖബ്ർസ്ഥാനുകൾ മറ്റുള്ളവർക്ക് കൂടി അനുവദിക്കുന്നത് മുസ്‌ലിം സമുദായം പൊതുവെ അംഗീകരിക്കുകയില്ല. മറ്റുള്ള സമുദായങ്ങൾ അവരുടെ ശ്മശാനങ്ങളും മറ്റുള്ളവർക്ക് അനുവദിക്കാത്തതുപോലെ. ഏതെങ്കിലും ഒറ്റപ്പെട്ട ചിലർ അതിന് മുതിരുകയാണെങ്കിൽ ആഭ്യന്തരമായും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉടലെടുക്കും. മാത്രമല്ല, സാമുദായിക സംഘർഷങ്ങൾക്കുവരെ നിമിത്തമാകുന്ന ഒരു പ്രവർത്തനമായി അത് മാറുകയും ചെയ്യും.

4. പിന്നാക്ക ജനവിഭാഗങ്ങളുടെ ശ്മശാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണകൂടത്തിൽ സമ്മർദം ചെലുത്തുകയും ആവശ്യമായ സഹായങ്ങൾ അവർക്ക് ചെയ്തുകൊടുക്കുകയും ചെയ്യുന്നതാകും നിലവിലുള്ള സാഹചര്യത്തിൽ ഉചിതം. ഇതിനായി അവരോടൊപ്പം നിലയുറപ്പിക്കാൻ മുസ്‌ലിം സമൂഹത്തിനും സംഘടനകൾക്കും ബാധ്യതയുണ്ട്.

മേൽപറഞ്ഞ കാരണങ്ങളാൽ മുസ്‌ലിം ഖബ്ർസ്ഥാനുകൾ മറ്റു മതസ്ഥർക്ക് അനുവദിക്കുന്നത് ശരിയാകില്ലെന്നാണ് 'ഇത്തിഹാദുൽ ഉലമ'യുടെ നിലപാട്.

الله أعلم بالصواب

## ഫത്‌വ: 4

**ചോദ്യം: സുന്നീ-ശീഈ സഹകരണം സംബന്ധിച്ച് ഇത്തിഹാദുൽ ഉലമയുടെ വീക്ഷണമെന്ത്?**

മുസ്‌ലിം സമൂഹം പ്രവാചകനു ശേഷം രണ്ടു പ്രമുഖ വിഭാഗങ്ങളായി ഭിന്നിച്ചിട്ടുണ്ട്. സുന്നികളും ശീഈകളും. സുന്നി മുസ്‌ലിംകളാണ് ബഹുഭൂരിഭാഗം, ഏകദേശം 90 ശതമാനം. ഈ രണ്ട് വിഭാഗങ്ങൾക്കിടയിൽ ആദർശത്തിലും (അഖീദ) കർമരീതിയിലും (ശരീഅ) മൗലികമായ അന്തരങ്ങളുണ്ട്. ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലക്കായിരുന്നു ശീഈ വിഭാഗത്തിന്റെ തുടക്കം. പ്രവാചകനു ശേഷം അലി(റ)യാണ് ഖലീഫയാകാൻ കൂടുതൽ അർഹൻ എന്ന വീക്ഷണമായിരുന്നു അവരുടേത്. അതേയവസരം മറ്റു സ്വഹാബിമാരുടെ (അബൂബക്ർ, ഉമർ മുതലായവരുടെ) ഖിലാഫത്തിനെ അവർ അംഗീകരിച്ചിരുന്നു. പിന്നീടാണ് അവരിൽ പലതരത്തിലുള്ള വിശ്വാസ വ്യതിയാനങ്ങളും സംഭവിക്കുകയും അവയിൽ ചിലത് ഏറക്കുറെ ഒരു പുതിയ മതചിന്തയോളം എത്തിപ്പെടുകയും ചെയ്തത്. മുസ്‌ലിം പൊതുധാരയിൽനിന്ന് ഭിന്നമായി ശീഈകൾ പൊതുവായി വെച്ചുപുലർത്തുന്ന മുഖ്യമായ ആദർശ വ്യതിയാനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ഇമാമത്ത്: അഥവാ അലി(റ)യെയും പന്ത്രണ്ടു ഇമാമുകളെയും മുസ്‌ലിംകളുടെ നേതൃത്വത്തിനുവേണ്ടി അല്ലാഹു വ്യക്തമായി നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ഇമാമുകൾ 'മഅ്സൂമു'(കുറ്റവിമുക്തർ)കളും മലക്കുകളേക്കാളും പ്രവാചകന്മാരേക്കാളും ഉന്നത പദവിയുള്ളവരുമാകുന്നു. തനിക്ക് ശേഷം അധികാരം അലിക്കായിരിക്കുമെന്ന് നബി (സ) വസ്വിയ്യത്ത് ചെയ്തിട്ടുണ്ട്.

2. നിലവിലുള്ള ഖുർആനിൽ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ശീഈകളുടെ ആധികാരിക ഗ്രന്ഥങ്ങളിൽ ഈ ആരോപണമുണ്ടെങ്കിലും അവരിലെ തന്നെ ചില പരിഷ്കർത്താക്കൾ അത് തള്ളിപ്പറഞ്ഞിട്ടുണ്ടെന്നതും

ശ്രദ്ധേയമാണ്.

3. ഹദീസുകളോടുള്ള സമീപനം: ശീഈ ഇമാമുകളിലൂടെ നിവേദനം ചെയ്യപ്പെടുന്ന ഹദീസുകൾ മാത്രമേ അവർ അംഗീകരിക്കാറുള്ളൂ. സുന്നി മുസ്‌ലിം ലോകത്ത് പ്രചാരത്തിലുള്ള ഹദീസ് ഗ്രന്ഥങ്ങളൊന്നും സ്വീകാര്യമല്ല. അവർക്ക് അവരുടേതായ ഹദീസ് ഗ്രന്ഥങ്ങളുണ്ട്.

4. തഖിയ്യഃ മനസ്സിൽ ഒന്ന് മറച്ചുവെച്ചുകൊണ്ട് പുറമേക്ക് മറ്റൊന്ന് പ്രകടിപ്പിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശ്യം. ഇത് ശീഈ വിശ്വാസത്തിന്റെ അടിസ്ഥാന നിലപാടാണ്. ഏത് ചതിയും വഞ്ചനയും ന്യായീകരിക്കാനും വിശ്വാസത്തിന് വിരുദ്ധമായി രംഗത്തുവരാനും ഈ തിയറി അവർക്ക് സഹായകമാകും.

5. സ്വഹാബികളെ കാഫിറാക്കലും ശകാരിക്കലും: നാലോ അഞ്ചോ സ്വഹാബികളല്ലാത്ത മറ്റെല്ലാവരും മുർതദ്ദുകളും കാഫിറുകളുമാണെന്നും അവരെ സ്നേഹിക്കുന്നവരും അതുപോലെയാകുമെന്നും അവർ വാദിക്കുന്നു. ഏകദേശം പതിനായിരത്തോളം വരുന്ന അറിയപ്പെടുന്ന സ്വഹാബികൾ ഈ ഗണത്തിൽ പെടും.

വിശ്വാസപരമായും അനുഷ്ഠാനപരമായുമുള്ള ഈ ഭീമമായ അന്തരങ്ങൾ ഇരുവിഭാഗങ്ങളിലെയും ചിലരെ പരസ്പരം കാഫിറാക്കുന്ന അവസ്ഥവരെ എത്തിച്ചിട്ടുണ്ട്. എങ്കിലും യോജിപ്പിന്റെയും ഐക്യത്തിന്റെയും കണ്ണികൾ വിളക്കിച്ചേർക്കാനും ഒരേ സമൂഹം പോലെ ജീവിക്കാനുമുള്ള ശ്രമങ്ങൾ ചരിത്രത്തിലുടനീളം ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ശീഈകൾ ന്യൂനപക്ഷമായിരുന്നുവെങ്കിലും തുല്യാവകാശമുള്ള സഹോദരങ്ങളായാണ് പൊതുവെ മുസ്‌ലിംകൾ അവരെ പരിഗണിച്ചത്. അവർ തമ്മിൽ വൈവാഹിക ബന്ധങ്ങളും കുടുംബ ബന്ധങ്ങളും നിർബാധം നടക്കുന്നു. ചില സന്ദർഭങ്ങളിലെങ്കിലും ശീഈ ഭരണാധികാരികൾക്കു കീഴിൽ ഭൂരിപക്ഷം വരുന്ന മുസ്‌ലിം സമൂഹം അനുസരണയോടെ കഴിഞ്ഞുപോന്നിട്ടുമുണ്ട്. ഈജിപ്തിലെ ഫാത്വിമിയ്യാ ഭരണകൂടം ഉദാഹരണം. വിശ്വാസവ്യതിയാനം സംഭവിച്ച ഇത്തരം വിഭാഗങ്ങളെ അവർ ശീഈകളോ ഖവാരിജോ മുഅ്തസിലോ ആരാവട്ടെ, ബിദ്ഈ പ്രസ്ഥാനങ്ങൾ എന്നല്ലാതെ ഇസ്‌ലാമിൽനിന്ന് പുറത്തുപോയവർ എന്ന നിലക്ക് പൊതുവെ പരിഗണിച്ചിട്ടില്ല.

ശീഈകളുടെ വിശ്വാസങ്ങളിൽ ഏറ്റവും സങ്കീർണമായത് ഇമാമത്തിനെ സംബന്ധിച്ച സിദ്ധാന്തമാണ്. അഥവാ അലി(റ)യും അദ്ദേഹത്തിന്റെ സന്താന പരമ്പരയിലെ പന്ത്രണ്ടു പേരുമാണ് മുസ്‌ലിം സമൂഹത്തിന്റെ ഇമാമുകൾ എന്നത് ശീഈകളുടെ ഈമാൻ കാര്യങ്ങളിൽപെട്ടതാണ്. ഇത് ശരിപ്പെടുത്തുന്നതിനു വേണ്ടിയാണ് മറ്റുള്ള സിദ്ധാന്തങ്ങളെല്ലാം അവർ കെട്ടിച്ചമച്ചത്. എന്നാൽ ഈ വിശ്വാസംപോലും ഒരാളെ ഇസ്‌ലാമിൽനിന്ന് പുറംതള്ളുകയില്ലെന്നാണ് ഇമാം ഗസാലി, ഇമാം ഇബ്നു തൈമിയ്യ, ഇബ്നു ഖൽദൂൻ തുടങ്ങിയ പൂർവസൂരികൾ അഭിപ്രായപ്പെട്ടത്.

ഇമാം ഗസാലി പറയുന്നു:

إن نظرية الإمامة ليست من المهمات وليست من فن المعقولات فيها، بل من الفقهيات (الفروع) - الاقتصاد في الاعتقاد (ص 134)

'ഇമാമത്ത് സിദ്ധാന്തം അതിപ്രധാനമായ വിശ്വാസ കാര്യങ്ങളിൽപെട്ടതല്ല. പ്രത്യുത ശാഖാപരമായ വിഷയങ്ങളിൽ പെട്ടതാണ്.'

وأعلم أن الخطأ في أصل الإمامة وتعيينها وشروطها وما يتعلق بها لا يوجب شيئ منه تكفيرا ......... ولا يلتفت إلى قوم يعظمون أمر الإمامة ويجعلون الإيمان بالإمام مقرونا بالإيمان بالله ورسوله ولا إلى خصومهم المكفرين لهم بمجرد مذهبهم في الإمامة فكل ذلك اسراف. 0(فيصل التفرقة بين الاسلام والزندقة ص 15، 16).

'ഇമാമത്തിന്റെ അടിസ്ഥാന വിഷയത്തിലും അതിന്റെ നിർണയത്തിലും നിബന്ധനകളിലും തദ്സംബന്ധമായ മറ്റു കാര്യങ്ങളിലും തെറ്റുപറയുന്നത് ഒരാളെ കാഫിറാക്കാൻ പര്യാപ്തമല്ല. ഇമാമത്തിന്റെ കാര്യം മഹത്വവൽക്കരിക്കുകയും അല്ലാഹുവിലും അവന്റെ പ്രവാചകനിലുമുള്ള വിശ്വാസത്തോടൊപ്പം ഇമാമിലുള്ള വിശ്വാസവും വേണമെന്ന് പറയുകയും ചെയ്യുന്നവരെ അവഗണിക്കുകയാണ് വേണ്ടത്. ഇമാമത്തിലുള്ള ഈ നിലപാടു കാരണം മാത്രം ഇവരെ കാഫിറാക്കുന്നവരെയും തള്ളിക്കളയണം. ഇതെല്ലാം അതിരുകവിച്ചിലുകളാണ്.'

ഇമാമുൽ ഹറമൈൻ അൽ ജുവൈനി പറയുന്നു:

إن الكلام في الإمامة ليس في أصول الاعتقاد (الإرشاد ص 410).

'ഇമാമത്തിലുള്ള ചർച്ച അടിസ്ഥാന വിശ്വാസ കാര്യങ്ങളിൽപെട്ടതല്ല'

عضد الدين الإيجي പറഞ്ഞു:

إن الإمامة ليست من أصول الديانات والعقائد بل هي من الفروع المتعلقة بأفعال المكلفين (شرح المواقف: 3/261)

'ഇമാമത്ത് മതവിശ്വാസ കാര്യങ്ങളിലെ മൗലിക വിഷയങ്ങളിൽപെട്ടതല്ല. പ്രത്യുത, മ

'ഇമാമത്തിന്റെ അടിസ്ഥാന വിഷയത്തിലും അതിന്റെ നിർണയത്തിലും നിബന്ധനകളിലും തദ്സംബന്ധമായ മറ്റു കാര്യങ്ങളിലും തെറ്റുപറയുന്നത് ഒരാളെ കാഫിറാക്കാൻ പര്യാപ്തമല്ല. ഇമാമത്തിന്റെ കാര്യം മഹത്വവൽക്കരിക്കുകയും അല്ലാഹുവിലും അവന്റെ പ്രവാചകനിലുമുള്ള വിശ്വാസത്തോടൊപ്പം ഇമാമിലുള്ള വിശ്വാസവും വേണമെന്ന് പറയുകയും ചെയ്യുന്നവരെ അവഗണിക്കുകയാണ് വേണ്ടത്. ഇമാമത്തിലുള്ള ഈ നിലപാടു കാരണം മാത്രം ഇവരെ കാഫിറാക്കുന്നവരെയും തള്ളിക്കളയണം. ഇതെല്ലാം അതിരുകവിച്ചിലുകളാണ്.'

നുഷ്യരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ശാഖാപരമായ വിഷയങ്ങളിൽപെട്ടതാണ്.'

ഇബ്നു ഖൽദൂൽ പറഞ്ഞു:

وشبهة الشيعة الامامية في ذلك إنما هي كون الإمامة من أركان الدين .... وليس كذلك، وإنما هي من المصالح المفوضة إلى نظر الخلق (المقدمة ص 168).

'ഇമാമത്ത് ദീനിന്റെ അടിസ്ഥാന സ്തംഭങ്ങളിൽപെട്ടതല്ലേയെന്നാണ് ഇമാമീ ശീഈകളുടെ സംശയം. എന്നാലങ്ങനെയല്ല. ജനങ്ങളുടെ ചിന്തക്ക് വിട്ടുകൊടുത്ത അവരുടെ താൽപര്യങ്ങളുമായി ബന്ധപ്പെട്ട ഒരു വിഷയം മാത്രമാണത്.'

**ശീഈകളുടെ വിശ്വാസങ്ങളിൽ ഏറ്റവും സങ്കീർണമായത് ഇമാമത്തിനെ സംബന്ധിച്ച സിദ്ധാന്തമാണ്. അഥവാ അലി(റ)യും അദ്ദേഹത്തിന്റെ സന്താന പരമ്പരയിലെ പന്ത്രണ്ടു പേരുമാണ് മുസ്‌ലിം സമൂഹത്തിന്റെ ഇമാമുകൾ എന്നത് ശീഈകളുടെ ഈമാൻ കാര്യങ്ങളിൽപെട്ടതാണ്. ഇത് ശരിപ്പെടുത്തുന്നതിനു വേണ്ടിയാണ് മറ്റുള്ള സിദ്ധാന്തങ്ങളെല്ലാം അവർ കെട്ടിച്ചമച്ചത്. എന്നാൽ ഈ വിശ്വാസംപോലും ഒരാളെ ഇസ്‌ലാമിൽനിന്ന് പുറംതള്ളുകയില്ലെന്നാണ് ഇമാം ഗസാലി, ഇമാം ഇബ്നുതൈമിയ്യ, ഇബ്നു ഖൽദൂൻ തുടങ്ങിയ പൂർവസൂരികൾ അഭിപ്രായപ്പെട്ടത്.**

أهل القبلة -ൽപെട്ട ആരെയും കാഫിറാക്കുകയില്ല എന്നതാണ് ഇമാം അബൂ ഹനീഫയുടെയും ഇബ്നു തൈമിയ്യയുടെയും നിലപാട്.

ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങളുള്ളതോടൊപ്പം തന്നെ ഇതേ കാഴ്ചപ്പാടാണ് അസ്ഹറിലെ പ്രഗത്ഭ പണ്ഡിതന്മാരെല്ലാം സ്വീകരിച്ചത്. ശൈഖ് മഹ്മൂദ് ശൽതൂത്, ശൈഖ് മുഹമ്മദ് അൽ മദനി, ശൈഖ് അബ്ദുൽ മജീദ് സലീം, ശൈഖ് അബ്ദുൽ അസീസ് ഈസാ എന്നിവരും ഇമാം ഹസനുൽ ബന്നായുമൊക്കെ ഈ അഭിപ്രായക്കാരായിരുന്നു. യോജിപ്പിന്റെ മേഖലകളെ ശക്തിപ്പെടുത്താനും പരസ്പര വൈരം മൂർഛിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും അവരാഗ്രഹിച്ചു.

പിന്നീടാണ് ഇറാനിൽ ഖുമൈനിയുടെ നേതൃത്വത്തിൽ വിപ്ലവം നടക്കുന്നത്. മുസ്‌ലിം രാഷ്ട്രങ്ങളിൽ അമേരിക്കയും മറ്റു പാശ്ചാത്യ രാജ്യങ്ങളും നിലവിലുള്ള മർദക ഭരണകൂടങ്ങളെ കൂട്ടുപിടിച്ച് നടത്തുന്ന ഇസ്‌ലാം വിരുദ്ധ അധിനിവേശങ്ങൾ മുസ്‌ലിം മനസ്സിനെ പ്രക്ഷുബ്ധമാക്കിയ കാലമായിരുന്നു അത്. ഇസ്‌ലാം ഭരണകൂടത്തിന് അടിത്തറ പാകാൻ കെൽപുള്ള പ്രത്യയശാസ്ത്രമാണെന്നും ആധുനിക കാലത്തും അതിന്റെ ശേഷി കുറഞ്ഞിട്ടില്ലെന്നും ഇറാൻ വിപ്ലവം തെളിയിക്കുകയുണ്ടായി. ലോകമെങ്ങുമുള്ള മുസ്‌ലിം യുവതക്ക് അത് ആവേശം നൽകി. ഖുമൈനിയുടെ الحكومة الإسلامية എന്ന കൃതിയും അലി ശരീഅത്തിയുടെ താരതമ്യേന മിതവാദപരമായ പുസ്തകങ്ങളും അവർ വായിച്ചിട്ടുണ്ടായിരുന്നു. പാശ്ചാത്യ യൂനിവേഴ്സിറ്റികളിൽ പഠിക്കുന്ന പ്രഗത്ഭരായ ചില വ്യക്തിത്വങ്ങൾ വിപ്ലവത്തിന്റെ മുൻനിരയിലുണ്ടായിരുന്നതും അവർക്ക് പ്രചോദനമായി. ഈ പശ്ചാത്തലത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പൊതുവെ ഇറാൻ വിപ്ലവത്തിന് അനുകൂലമായി നിലകൊണ്ടത്. ഉയർന്നുവരുന്ന ശീഈ രാഷ്ട്രീയ ശക്തി ഇസ്‌ലാമിക ബ്ലോക്കിന് കരുത്തു പകരുമെന്ന് അവർ പ്രതീക്ഷിച്ചു.

ഇറാൻ വിപ്ലവാനന്തരം ഈ ദിശയിലുള്ള ചില ചലനങ്ങൾ കാണപ്പെടുകയും ചെയ്തു. ശീഈകളുടെയും സുന്നികളുടെയും പരമോന്നത പണ്ഡിതന്മാരും പ്രതിനിധികളും പങ്കെടുത്ത സമ്മേളനങ്ങൾ നടന്നു. ഡോ. യൂസുഫുൽ ഖറദാവിയുടെ കീഴിൽ ആയത്തുല്ലമാരും, ഖുമ്മിലെ ശീഈ പണ്ഡിതർക്ക് കീഴിൽ ഖറദാവിയും അണിനിരന്ന് നമസ്കരിച്ചു. തീരുമാനങ്ങൾ പലതുമെടുത്ത് പിരിഞ്ഞു. പരസ്പരം കാഫിറാക്കുന്നത് ഒഴിവാക്കുക, സ്വഹാബത്തിനെ ശകാരിക്കുന്ന (سب الصحابة) നിലപാട് വർജിക്കുക, വൈകാരികത നിറഞ്ഞ ആശയാദർശങ്ങൾ മറുവിഭാഗം യുവാക്കളിൽ കുത്തിവെക്കനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കുക തുടങ്ങിയവ അതിൽപെട്ടിരുന്നു. എന്നാൽ സമ്മേളനങ്ങൾ കൂടുകയും പിരിയുകയും ചെയ്തുവെന്നല്ലാതെ ഉദ്ദിഷ്ട ഫലങ്ങളൊന്നും നേടാനായില്ല. മാത്രമല്ല, ഇറാൻ അതിന്റെ വിപ്ലവം കയറ്റുമതി ചെയ്യാനും അയൽ രാജ്യങ്ങളിൽ നഗ്നമായി ഇടപെടാനും തുടങ്ങി. ഇറാഖ്, യമൻ, ബഹ്റൈൻ, സിറിയ, ലബനാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ രൂക്ഷമായി. ഈ സന്ദർഭത്തിലാണ് ഖറദാവിയെപ്പോലുള്ള പണ്ഡിതന്മാർ സുന്നി -ശീഈ സഹകരണത്തിന്റെ മരീചികക്കു പിറകെ പോകുന്നതിന്റെ നിരർഥകത വ്യക്തമാക്കി ദീർഘമായ പ്രസ്താവനകളിറക്കിയത് (فتاوى معاصرة നാലാം വാള്യം 248 മുതൽ 311 വരെയുള്ള പേജുകൾ കാണുക).

യാഥാർഥ്യം ഇതൊക്കെയാണെങ്കിലും സുന്നികളും ശീഈകളും പരമാവധി ഐക്യപ്പെട്ടുപോവുക തന്നെ വേണം. ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥ അതാണ് താൽപര്യപ്പെടുന്നത്. ആത്മാർഥമായി അതാഗ്രഹിക്കുന്ന ചില പണ്ഡിതന്മാരും നേതാക്കളും രണ്ടുഭാഗത്തുമുണ്ട്. രാഷ്ട്രീയ താൽപര്യങ്ങൾക്കു വേണ്ടി ചിലർ രണ്ടു വിഭാഗങ്ങൾക്കും ഇടയിലുള്ള അകലം വർധിപ്പിക്കാൻ ബോധപൂർവം പ്രവർത്തിക്കുന്നു. അത്തരം കുത്സിത ശ്രമങ്ങളെ പരാജയപ്പെടുത്തുകയാണ് വേണ്ടത്.

മുസ്‌ലിം യുവാക്കളിൽ ശീഈ ചിന്തകൾ പ്രചരിപ്പിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങളുമുണ്ട്. അതേപ്പറ്റി ചെറുപ്പക്കാരെ ബോധവൽക്കരിക്കണം. അതേസമയം പ്രയോജനകരമായ ഗ്രന്ഥങ്ങൾ ശീഈ പണ്ഡിതർ രചിച്ചിട്ടുണ്ടെങ്കിൽ അവ പ്രയോജനപ്പെടുത്തുന്നതിന് വിരോധമില്ല. അത് ശീഈകളുടേത് എന്നല്ല, ആരുടേതുമാകാം. മുഅ്തസിലികളുടെയും സൈദികളുടെയുമെല്ലാം ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ പോലും മുസ്‌ലിം ലോകം പ്രയോജനപ്പെടുത്തുന്നുണ്ടല്ലോ. എന്നാൽ ഗ്രന്ഥകാരൻ ഏത് ചിന്താധാരയെ പ്രതിനിധീകരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ എഴുത്തിലെ സ്ഖലിതങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കപ്പെടണം. യുവാക്കളിൽ

ചിന്താപരമായ അരാജകത്വവും ആഭ്യന്തര ശൈഥില്യവും സൃഷ്ടിക്കാൻ ആരെയും അനുവദിക്കരുത്. മുസ്‌ലിം സംഘടനകളും പ്രസിദ്ധീകരണാലയങ്ങളും ഈ വിഷയത്തിൽ ജാഗ്രത പുലർത്തണമെന്നു തന്നെയാണ് ഇത്തിഹാദുൽ ഉലമയുടെ അഭിപ്രായം.

الله أعلم بالصواب

## ഫത്‌വ: 5

**ചോദ്യം: ഓണം, ക്രിസ്മസ് തുടങ്ങിയ ആഘോഷങ്ങളിൽ പങ്കെടുക്കുക, അവക്ക് ആശംസ നേരുക, ആഘോഷിക്കാൻ ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും മറ്റും നൽകുക, അവ സ്വയം ആഘോഷിക്കുക, അതിന് ഒത്താശ ചെയ്തു കൊടുക്കുക തുടങ്ങിയവയിൽ ദീനിന്റെ വിധി എന്താണ്? പ്രവാചകന്റെ കാലത്തും ശേഷം ഖുലഫാഇന്റെ കാലത്തും മുസ്‌ലിംകൾ ഇത്യാദി വിഷയങ്ങളിൽ സ്വീകരിച്ച സമീപനമെന്തായിരുന്നു? ഈ വിഷയങ്ങളിൽ ഇത്തിഹാദുൽ ഉലമായുടെ നിലപാടെന്താണ്?**

ഇന്ത്യയെപ്പോലെ മുസ്‌ലിംകൾ ന്യൂനപക്ഷമായ ഒരു ബഹുസ്വര സമൂഹത്തിൽ ഏറെ പ്രസക്തമായ വിഷയമാണിത്. നാം ഇവിടെ ഇതര മതസ്ഥരുമായി ഒരു കുടുംബമെന്നോണമാണ് കഴിഞ്ഞുകൂടുന്നത്. നമ്മുടെ അയൽവാസികൾ ഒരുവേള അമുസ്‌ലിംകളായിരിക്കാം. സ്നേഹിതന്മാരും സതീർഥ്യരും അധ്യാപകരും അമുസ്‌ലിംകളായിരിക്കാം. ജീവിത വ്യവഹാരങ്ങളിൽ നമ്മെ സഹായിക്കുന്ന ഡോക്ടർമാർ, നിയമജ്ഞന്മാർ, വ്യാപാരികൾ തുടങ്ങി പലരും മുസ്‌ലിംകളായിക്കൊള്ളണമെന്നില്ല. ഇവരോടെല്ലാം തീർത്തും അകലം പാലിച്ചുകൊണ്ട് ഒറ്റപ്പെട്ടുകഴിയാൻ ഇസ്‌ലാം ആവശ്യപ്പെടുന്നുണ്ടോ? ശത്രുക്കളല്ലാത്ത എല്ലാ മനുഷ്യരോടും സ്നേഹത്തിലും സൗഹാർദത്തിലും വർത്തിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഖുർആൻ പറയുന്നു:

لَّا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُم مِّن دِيَارِكُمْ أَن تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ ۚ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ ﴿٨﴾ إِنَّمَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ قَاتَلُوكُمْ فِي الدِّينِ وَأَخْرَجُوكُم مِّن دِيَارِكُمْ وَظَاهَرُوا عَلَىٰ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُولَٰئِكَ هُمُ الظَّالِمُونَ ﴿٩﴾ الممتحنة: ٨ - ٩

''ദീനിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവർക്ക് നന്മ (ബിർറ്) ചെയ്യുന്നതും അവരോട് നീതിയിൽ വർത്തിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. മറിച്ച് നീതി കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ദീനിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കാൻ ശത്രുക്കളെ സഹായിക്കുകയും ചെയ്യുന്നവർ. അവരെ ആത്മമിത്രങ്ങളും കൈകാര്യകർത്താക്കളുമാക്കുന്നതാണ് അല്ലാഹു വിലക്കുന്നത്. അങ്ങനെ അവരെ ആരെങ്കിലും ആത്മമിത്രങ്ങളാക്കിയാൽ അവരാണ് അക്രമികൾ'' (മുംതഹനഃ 8, 9).

ഇവിടെ ഖുർആൻ മനുഷ്യരെ രണ്ടു വിഭാഗമാക്കി തിരിച്ചിരിക്കുന്നു. ഒന്ന് കടുത്ത ശത്രുക്കൾ. മറ്റൊന്ന് മിത്രങ്ങൾ. ഈ മിത്രങ്ങൾ മുസ്‌ലിംകളല്ല. അവരോട് ബിർറ് (നന്മ) ചെയ്യണമെന്നും നീതിയിൽ വർത്തിക്കണമെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. അവകാശങ്ങൾ പൂർണമായി നൽകുന്നതാണ് നീതി. എന്നാർ ബിർറ് അവകാശങ്ങൾക്കപ്പുറമുള്ള ഔദാര്യവും ബാധ്യതയുമാണ്. അല്ലാഹുവോടുള്ള ബാധ്യത കഴിഞ്ഞാൽ പിന്നീട് മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠമായ ബാധ്യത മാതാപിതാക്കളോടാണ്. അബൂബക്റി(റ)ന്റെ മകൾ അസ്മാ (റ) ഒരിക്കൽ തിരുമേനിയുടെ മുമ്പിൽ ചെന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ ഉമ്മ (ബഹുദൈവ വിശ്വാസിനിയായിരിക്കെ) കുടുംബ ബന്ധം ചേർക്കാൻ ആഗ്രഹിച്ചുകൊണ്ട് എന്റെ അരികിൽ വന്നിരിക്കുന്നു.' തിരുമേനി പറഞ്ഞു: 'നീ നിന്റെ ഉമ്മയുമായി ബന്ധം ചേർക്കുക.' ഇതേ കാര്യം വിശുദ്ധ ഖുർആൻ തന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. അമുസ്‌ലിം മാതാപിതാക്കൾ ശിർക്ക് ചെയ്യാൻ നിർബന്ധിച്ചാൽ അതനുസരിക്കരുതെന്നും, എന്നാൽ ഭൗതിക കാര്യങ്ങളിൽ അവരോട് നല്ല നിലയിൽ വർത്തിക്കണമെന്നും ഖുർആൻ പഠിപ്പിക്കുന്നു (ലുഖ്മാൻ 15). ഇത് ബഹുദൈവ വിശ്വാസികളോടുള്ള സമീപനത്തിന്റെ കഥ. എന്നാൽ വേദക്കാരോടുള്ള ഇസ്‌ലാമിന്റെ സമീപനം ഇതിനേക്കാൾ ഉദാരമാണെന്ന് പറയേണ്ടതില്ല. ഖുർആൻ പറയുന്നു:

الْيَوْمَ أُحِلَّ لَكُمُ الطَّيِّبَاتُ ۖ وَطَعَامُ الَّذِينَ أُوتُوا الْكِتَابَ حِلٌّ لَّكُمْ وَطَعَامُكُمْ حِلٌّ لَّهُمْ ۖ وَالْمُحْصَنَاتُ مِنَ الْمُؤْمِنَاتِ وَالْمُحْصَنَاتُ مِنَ الَّذِينَ أُوتُوا الْكِتَابَ مِن قَبْلِكُمْ إِذَا آتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ مُسَافِحِينَ وَلَا مُتَّخِذِي أَخْدَانٍ ۗ وَمَن يَكْفُرْ بِالْإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴿٥﴾ المائدة: ٥

''ഇന്ന് എല്ലാ നല്ല വസ്തുക്കളും നിങ്ങൾക്ക് അനു

**പ്രയോജനകരമായ ഗ്രന്ഥങ്ങൾ ശീഈ പണ്ഡിതർ രചിച്ചിട്ടുണ്ടെങ്കിൽ അവ പ്രയോജനപ്പെടുത്തുന്നതിന് വിരോധമില്ല. അത് ശീഈകളുടേത് എന്നല്ല, ആരുടേതുമാകാം. മുഅ്തസിലികളുടെയും സൈദികളുടെയുമെല്ലാം ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ പോലും മുസ്‌ലിം ലോകം പ്രയോജനപ്പെടുത്തുന്നുണ്ടല്ലോ. എന്നാൽ ഗ്രന്ഥകാരൻ ഏത് ചിന്താധാരയെ പ്രതിനിധീകരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ എഴുത്തിലെ സ്ഖലിതങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കപ്പെടണം. യുവാക്കളിൽ ചിന്താപരമായ അരാജകത്വവും ആഭ്യന്തര ശൈഥില്യവും സൃഷ്ടിക്കാൻ ആരെയും അനുവദിക്കരുത്.**

**പൂർവികരായ പണ്ഡിതന്മാർ അന്യമതസ്ഥരുടെ ആഘോഷങ്ങളിലെ പങ്കാളിത്തം രൂക്ഷമായി വിമർശിച്ചിട്ടുണ്ടെങ്കിൽ ആ കാലഘട്ടത്തിലെ സാമൂഹികാവസ്ഥക്ക് അവയിൽ വലിയ പങ്കുണ്ട്. സാംസ്കാരികമായും സാമൂഹികമായും ഇന്ന് ലോകത്ത് സംഭവിച്ച മാറ്റങ്ങൾ പരിഗണിക്കാതെ മുസ്‌ലിം സമൂഹത്തിന് മുന്നോട്ടുപോവുക സാധ്യമല്ല. അതുകൊണ്ടാണ് സാഹചര്യങ്ങൾ ഫത്‌വകളിൽ മാറ്റം വരുത്തുമെന്ന് പൂർവസൂരികൾ തന്നെ പറഞ്ഞുവെച്ചത്.**

വദനീയമാക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്കും നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസിനികളായ ചാരിത്ര്യവതികളും നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നുള്ള ചാരിത്ര്യവതികളും നിങ്ങൾ വ്യഭിചാരികളും രഹസ്യ കാമുകിമാരെ സ്വീകരിക്കുന്നവരുമല്ലെങ്കിൽ അവരുടെ വിവാഹമൂല്യം നൽകിക്കൊണ്ട് (അവരുമായുള്ള വിവാഹം) നിങ്ങൾക്ക് അനുവദനീയമാക്കിത്തന്നിരിക്കുന്നു'' (മാഇദ: 5).

ഇങ്ങനെ വേദക്കാരിയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചാൽ പിന്നെ ഭാര്യയെ സ്നേഹിക്കാതിരിക്കാൻ പറ്റുമോ? ഇണകൾക്കിടയിൽ അല്ലാഹു സ്നേഹവും കാരുണ്യവുമുണ്ടാക്കിയിരിക്കുന്നുവെന്നല്ലേ ഖുർആൻ പറയുന്നത്. അവൾ തന്റെ ജീവിത പങ്കാളിയും തന്റെ മക്കളുടെ മാതാവുമല്ലേ? മക്കൾക്ക് മാതാവിനെ സ്നേഹിക്കാതിരിക്കാൻ പറ്റുമോ? ആഹാരവും വസ്ത്രവും നൽകാതിരിക്കാൻ പറ്റുമോ? കുട്ടികളുടെ മാതാമഹിയും അമ്മാവനും അമ്മായിയുമൊക്കെ ഉൾക്കൊള്ളുന്ന മാതൃകുടുംബത്തെ അവന് ആദരിക്കാതെ പറ്റുമോ? ഈ വിവാഹബന്ധത്തിന്റെ അനിവാര്യതയല്ലേ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള സുദൃഢബന്ധം? ഉലുൽഅർഹാമെന്ന പേരിൽ വിശുദ്ധ ഖുർആൻ പ്രത്യേകം പ്രാധാന്യം നൽകി ആദരിച്ച ബന്ധുക്കളല്ലേ അവർ? എന്നിരിക്കെ ഇത്തരം സന്ദർഭങ്ങളിൽ അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതും ആശംസകൾ അർപ്പിക്കുന്നതും തെറ്റാണെന്ന് പറയാൻ എങ്ങനെ കഴിയും?

നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ കൂടുതൽ നല്ല രീതിയിൽ പ്രത്യഭിവാദ്യം ചെയ്യണമെന്നും ചുരുങ്ങിയത് തത്തുല്യമായെങ്കിലും തിരിച്ചുകൊടുക്കണമെന്നുമാണ് ഖുർആന്റെ കൽപന. അതിനാൽ നബി തിരുമേനി മക്കാ ജീവിതത്തിലുടനീളം ശത്രുക്കളുടെ കടുത്ത ഉപദ്രവങ്ങളുണ്ടായിട്ടും മുശ്‌രിക്കുകളോട് വളരെ സൗഹാർദത്തിലും സൗമ്യതയിലുമായിരുന്നു വർത്തിച്ചിരുന്നത്. അവിടുന്ന് അവരുടെ അമാനത്തുകൾ സൂക്ഷിക്കുകയും വിശ്വസ്തതയോടെ തിരിച്ചേൽപ്പിക്കുകയും ചെയ്തിരുന്നു. അമുസ്‌ലിംകളിൽനിന്ന് ഉപഹാരങ്ങൾ സ്വീകരിക്കുന്നതിനും പകരം നൽകുന്നതിനും അവിടുന്ന് അനിഷ്ടം കാണിച്ചിട്ടില്ല. ഈജിപ്തിലെ രാജാവായിരുന്ന മുഖൗഖിസിൽ നിന്ന് തിരുമേനി പാരിതോഷികം സ്വീകരിച്ചത് ഒരു ഉദാഹരണം മാത്രം.

ഇന്ന് മുസ്‌ലിംകൾ ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്നവരാണ്. മിക്ക രാജ്യങ്ങളിലും അവർ ന്യൂനപക്ഷവുമാണ്. എവിടെയായിരുന്നാലും അവർ ഒരു പ്രബോധക സംഘമാണ്. സമൂഹവുമായി വേറിട്ടും ഒറ്റപ്പെട്ടും ജീവിക്കുന്നത് പ്രബോധക സംഘത്തിന് ഒരിക്കലും ഭൂഷണമല്ല. സൗഹൃദവും ഐക്യവും കാത്തുസൂക്ഷിക്കുകയും പരസ്പര ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുകയും ചെയ്യാൻ അതിനാലവർ ബാധ്യസ്ഥരാണ്. ആഘോഷങ്ങളിൽ ആശംസകൾ നേരുക, ആഘോഷിക്കാൻ വേണ്ട ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും നൽകുക തുടങ്ങിയവ സൗഹൃദം കാത്തുസൂക്ഷിക്കുന്നതിനുള്ള മാർഗങ്ങളാണ്. പ്രത്യേകിച്ചും, മുസ്‌ലിംകളുടെ ആഘോഷ ദിവസങ്ങളിൽ അവർ സന്തോഷപൂർവം ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ, മുസ്‌ലിം അതിൽനിന്നെല്ലാം വിട്ടുനൽക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. പേർഷ്യക്കാരുടെ പ്രധാന ആഘോഷമായ 'ഫൈറൂസ്' വേളയിൽ അമീറുൽ മുഅ്മിനീൻ അലി(റ)ക്ക് അവർ പാരിതോഷികങ്ങൾ നൽകുകയും അദ്ദേഹമത് സ്വീകരിക്കുകയും ചെയ്തിരുന്നുവെന്ന് ഇബ്നു തൈമിയ്യ പ്രസ്താവിച്ചിട്ടുണ്ട്. ഫൈറൂസ്, മിഹ്ർജാൻ തുടങ്ങിയ ആഘോഷ ദിവസങ്ങളിൽ മജൂസികൾ മുസ്‌ലിംകൾക്ക് ഭക്ഷണസാധനങ്ങളും റൊട്ടിയുമൊക്കെ നൽകാറുണ്ടായിരുന്നുവെന്നും, ഒന്നും അന്വേഷിക്കാതെ അവയെല്ലാം അവർ ഭക്ഷിച്ചിരുന്നുവെന്നും ഇബ്നു അബീശൈബയും നിവേദനം ചെയ്യുന്നു.

اقتضاء الصراط المستقيم (1/ 251)

ഇതിന്റെയെല്ലാം വെളിച്ചത്തിലാണ് ഡോ. യൂസുഫുൽ ഖറദാവി പ്രസ്താവിക്കുന്നത്: 'മുസ്‌ലിം വ്യക്തികളോ സ്ഥാപനങ്ങളോ ഇത്തരം ആഘോഷ വേളകളിൽ നേരിട്ടോ കാർഡുകളിലൂടെയോ അന്യ മതസ്ഥർക്ക് ആശംസകൾ നേരുന്നതിന് വിരോധമില്ല. പ്രസ്തുത ആശംസാ വചനങ്ങളിൽ ഇസ്‌ലാമികാദർശങ്ങൾക്ക് വിരുദ്ധമായ ചിഹ്നങ്ങളോ (കുരിശു പോലെ) പരാമർശങ്ങളോ ഉണ്ടാവരുതെന്നു മാത്രം. ഇത്തരം സന്ദർഭങ്ങളിൽ നേരുന്ന ആശംസകൾ കേവലം സൗഹാർദ പ്രകടനം എന്നതല്ലാതെ അവയെയെല്ലാം നാം അംഗീകരിക്കുന്നു എന്നൊന്നും അതിനർഥമില്ല. അതുപോലെ, അവരിൽനിന്ന് സമ്മാനങ്ങൾ സ്വീകരിക്കുന്നതോ അവർക്ക് പകരമായി കൊടുക്കുന്നതോ തെറ്റല്ല. ഈജിപ്തിലെ ഖിബ്ത്വീ വിഭാഗത്തിന്റെ തലവനായ മുഖൗഖിസിന്റെ പാരിതോഷികങ്ങൾ നബി (സ) സ്വീകരിച്ചിട്ടുണ്ട്. ഈ പാരിതോഷികങ്ങൾ മുസ്‌ലിംകൾക്ക് നിഷിദ്ധമായ മദ്യം, പന്നിമാസം പോലുള്ളവ ആയിരിക്കരുതെന്ന് മാത്രം' (ഫതാവാ മുആസ്വിറ, ഭാഗം: 3, പേജ്: 272).

മതപരമായ ആഘോഷങ്ങളെക്കുറിച്ചാണ് ഈ പറഞ്ഞത്. അതേസമയം ദേശീയവും സാമൂഹികവുമായ ആഘോഷങ്ങളാണെങ്കിൽ അവയിൽ എല്ലാവരും ഒരുപോലെ പങ്കെടുക്കുന്നതായിരിക്കും ഉചിതം. സ്വാതന്ത്ര്യദിനം, തൊഴിലാളി ദിനം, മാതൃദിനം പോലുള്ളവ

**പേർഷ്യക്കാരുടെ പ്രധാന ആഘോഷമായ 'ഫൈറൂസ്' വേളയിൽ അമീറുൽ മുഅ്മിനീൻ അലി(റ)ക്ക് അവർ പാരിതോഷികങ്ങൾ നൽകുകയും അദ്ദേഹമത് സ്വീകരിക്കുകയും ചെയ്തിരുന്നുവെന്ന് ഇബ്നു തൈമിയ്യ പ്രസ്താവിച്ചിട്ടുണ്ട്. ഫൈറൂസ്, മിഹ്ർജാൻ തുടങ്ങിയ ആഘോഷ ദിവസങ്ങളിൽ മജൂസികൾ മുസ്‌ലിംകൾക്ക് ഭക്ഷണസാധനങ്ങളും റൊട്ടിയുമൊക്കെ നൽകാറുണ്ടായിരുന്നുവെന്നും, ഒന്നും അന്വേഷിക്കാതെ അവയെല്ലാം അവർ ഭക്ഷിച്ചിരുന്നുവെന്നും ഇബ്നു അബീശൈബയും നിവേദനം ചെയ്യുന്നു.**

ഉദാഹരണം. അത്തരം ആഘോഷങ്ങളിലെ അനിസ്‌ലാമികമായ രീതികൾ വർജിക്കണമെന്ന് മാത്രം. പൂർവികരായ പണ്ഡിതന്മാർ അന്യമതസ്ഥരുടെ ആഘോഷങ്ങളിലെ പങ്കാളിത്തം രൂക്ഷമായി വിമർശിച്ചിട്ടുണ്ടെങ്കിൽ ആ കാലഘട്ടത്തിലെ സാമൂഹികാവസ്ഥക്ക് അവയിൽ വലിയ പങ്കുണ്ട്. സാംസ്കാരികമായും സാമൂഹികമായും ഇന്ന് ലോകത്ത് സംഭവിച്ച മാറ്റങ്ങൾ പരിഗണിക്കാതെ മുസ്‌ലിം സമൂഹത്തിന് മുന്നോട്ടുപോവുക സാധ്യമല്ല. അതുകൊണ്ടാണ് സാഹചര്യങ്ങൾ ഫത്‌വകളിൽ മാറ്റം വരുത്തുമെന്ന് പൂർവസൂരികൾ തന്നെ പറഞ്ഞുവെച്ചത്.

എന്നാൽ സൗഹാർദത്തിന്റെ പേരിൽ മറ്റു മതസ്ഥരുടെ മതപരമായ ആഘോഷങ്ങൾ സ്വന്തമായി ആഘോഷിക്കുകയും അവരുടെ സംസ്കാരം പൂർണമായി അനുകരിക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. മുസ്‌ലിംകൾക്ക് അവരുടേതായ സവിശേഷ ആഘോഷങ്ങളും മറ്റും വേറെത്തന്നെയുണ്ടല്ലോ. من تشبه بقوم فهو منهم (ابو داود) 'ആരെങ്കിലും ഒരു ജനതയോട് സാദൃശരാവാൻ ശ്രമിച്ചാൽ അവൻ അവരിൽപെട്ടവനാകും' (അബൂ ദാവൂദ്) എന്ന നബിവചനം ഇവിടെയാണ് പ്രസക്തമാകുന്നത്. മേൽ പറഞ്ഞ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യകർത്താവിനുള്ള ഇത്തിഹാദുൽ ഉലമയുടെ മറുപടി ഇപ്രകാരം സംഗ്രഹിക്കാം:

1. അന്യമതസ്ഥരുടെ ആഘോഷ ദിവസങ്ങളിൽ അവർക്ക് ആശംസകൾ നേരുകയോ ഗിഫ്റ്റുകൾ നൽകുകയോ ചെയ്യാം.

2. മുസ്‌ലിംകളുടെ ആഘോഷ ദിവസങ്ങളിൽ അവരുടെ ആശംസകളും പാരിതോഷികങ്ങളും സ്വീകരിക്കുകയും ചെയ്യാം.

3. ദേശീയാഘോഷങ്ങൾ, പൊതു പ്രാധാന്യമുള്ള സാംസ്കാരിക ദിനങ്ങൾ എന്നിവ അവരോടൊപ്പം ചേർന്ന് മുസ്‌ലിംകൾക്കും ആഘോഷിക്കാം.

4. മതപരമായതോ, അനിസ്‌ലാമികമായ വിശ്വാസത്തിൽ അധിഷ്ഠിതമായതോ ആയ അന്യമതസ്ഥരുടെ ആഘോഷങ്ങൾ മുസ്‌ലിംകൾ സ്വന്തം നിലക്ക് കൊണ്ടാടുന്നത് ശരിയല്ല.

الله أعلم بالصواب